(സി) നേരിട്ട് നിയമനം നടത്തേണ്ട തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. പ്രൊമോഷൻ വഴി നിയമനം നടത്തേണ്ട തസ്തികകളിലേക്ക് ഡി.പി.സി.-യുടെ സെലക്ട് ലിസ്റ്റുകൾ പല വകുപ്പുകളിലും തയ്യാറാക്കിയിട്ടുണ്ട്. ബാക്കി വകുപ്പുകളിൽ ടി ലിസ്റ്റ് എത്രയും പെട്ടെന്ന് തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അവശ്യ സന്ദർഭങ്ങളിൽ കരാർ അടിസ്ഥാനത്തിലും നിയമനങ്ങൾ നടത്തിവരുന്നു.

(ഡി) ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ നിലവിലുള്ള നഴ്സ്മാരുടെ ലിസ്റ്റിൽനിന്നും ഒരാളെ നിയമിച്ചിട്ടുണ്ട്. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ട്യൂട്ടർ, നഴ്സ് എന്നീ തസ്തികകളുടെ പി.എസ്.സി. ലിസ്റ്റ് നിലവിലുള്ളതിൽ നഴ്സ്മാരുടെ ലിസ്റ്റിൽ നിന്നും 26 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ വകുപ്പിൽ നിലവിലുള്ള നഴ്സ്മാരുടെ ലിസ്റ്റിൽ നിന്ന് 4 പേർക്ക് നിയമനം നൽകി. ആരോഗ്യ വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ വിവരം അനുബന്ധം III ആയി ചേർത്തിട്ടുണ്ട്.†††

## നബാർഡിന്റെ സഹായധനം കൊണ്ട് പണിയുന്ന കെട്ടിടം

155 [1631] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും സ്ഥാപനത്തിൽ നബാർഡിന്റെ സഹായധനം കൊണ്ട് കെട്ടിടം പണിയുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാം എന്ന് വെളിപ്പെടുത്തുന്ന ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) ഏതെങ്കിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ നബാർഡിന്റെ സഹായത്തോടെ കെട്ടിടം പണിയുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ സെന്ററുകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ?

### ഉത്തരം

(എ) പണിയുന്നില്ല. എന്നാൽ നബാർഡിന്റെ സഹായത്തോടെ ഗ്രാമീണാരോഗ്യ കേന്ദ്രങ്ങളുടെ വികസനത്തിനായി ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതനുസരിച്ച് 2002-03 വർഷത്തിൽ 49 കോടി രൂപയുടെ പദ്ധതി നബാർഡിന് സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസലുകൾ നബാർഡ് പ്രാഥമിക പരിശോധനയ്ക്ക് വിധേയമാക്കി കൂടുതൽ വിവരങ്ങൾ ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതുവരെ ഒരു പദ്ധതിക്കും നബാർഡ് അനുമതി നൽകിയിട്ടില്ല. 2003-04-ൽ 69.84 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസലുകൾ തയ്യാറാക്കി സർക്കാരിന്റെ വിവിധ തലങ്ങളിൽ കൂടുതൽ പരിശോധന നടത്തിവരുന്നു.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നബാർഡിന്റെ ധനസഹായത്തോടെ കെട്ടിടം പണിയുന്നതിനുവേണ്ടി നബാർഡിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള നിർദ്ദേശത്തിൽ ഉൾപ്പെട്ടിട്ടുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്ന ലിസ്റ്റിൽ കാണാവുന്നതാണ്.†

## ആരോഗ്യ വകുപ്പിലെ ഡോക്ടർമാരുടെ തസ്തികകൾ

156 [1632] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ വകുപ്പിൽ എത്ര ഡോക്ടർമാരുടെ തസ്തികകൾ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഇതിൽ ഒഴിവുള്ള തസ്തികകൾ എത്ര;

(ബി) ഡി.എം.ഇ.-യുടെ കീഴിൽ മെഡിക്കൽ കോളേജുകളിലായി എത്ര ഡോക്ടർമാരുടെ തസ്തികകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ; ഇതിൽ ഒഴിവുള്ള തസ്തികകൾ എത്ര എന്ന് വ്യക്തമാക്കുമോ;

(സി) ഡോക്ടർമാരുടെ തസ്തികകൾ അനുവദിക്കാത്തതുമൂലം സംസ്ഥാനത്ത് എത്ര ആശുപത്രികളിലാണ് (പി.എച്ച്.സി.-കൾ) രോഗികളെ കിടത്തി ചികിത്സിക്കാൻ കഴിയാത്തതെന്ന് വ്യക്തമാക്കുമോ;

(ഡി) തൃശ്ശൂർ ജില്ലയിൽ പാറളം, കുർക്കഞ്ചേരി, വല്ലച്ചിറ പി.എച്ച്.സി.-കളിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനായി ഡോക്ടർമാരുടെ തസ്തികകൾ അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) സംസ്ഥാന ആരോഗ്യ വകുപ്പിൽ ഡോക്ടർമാരുടെ 3500 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 335 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു.

(ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിവിധ മെഡിക്കൽ കോളേജുകളിലായി ഡോക്ടർമാരുടെ 1895 തസ്തികകൾ നിലവിലുണ്ട്. ഇതിൽ 441 ഒഴിവുകൾ നിലവിലുണ്ട്.

(സി) രോഗികളെ കിടത്തി ചികിത്സിക്കാൻ ആവശ്യമായി വരുന്ന ഡോക്ടർമാരുടെ അധിക തസ്തികകൾ സൃഷ്ടിക്കാത്തതുമൂലം 151 പി.എച്ച്.സി.-കളിൽ കിടത്തി ചികിത്സ നൽകാൻ കഴിഞ്ഞിട്ടില്ല.

(ഡി) ഈ പി.എച്ച്.സി.-കളിൽ ഓരോന്നിലും ഓരോ ഡോക്ടർമാരുടെ തസ്തികകൾ മാത്രമേ അനുവദിച്ചിട്ടുള്ളു.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly